(ജി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; എങ്കിൽ ഈ കേസുകളിലെ പ്രതികൾ ആരെല്ലാമാണ് ;

(എച്ച്) ഇവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നവരോ അനുഭാവികളോ ആണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പുറമേരിയിൽ വച്ച് കല്ലേറ് ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ശക്തമായ നടപടി എടുത്തിട്ടുണ്ട്.

(ഇ) 30 വീടുകൾക്കും 12 കടകൾക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്.

(എഫ്) അന്വേഷണം പൂർത്തിയായാലെ നഷ്ടം കൃത്യമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ജി & എച്ച്) ഇതു സംബന്ധിച്ച് 47 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കേസന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് നടത്തി വരുന്നു.

തലസ്ഥാനത്ത് 2000 ജൂലായ് 13-ന് നടന്ന അക്രമസംഭവം

80 (1014) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലായ് 13-ന് സംസ്ഥാന തലസ്ഥാനത്ത് അക്രമം നടന്നേക്കാനിടയുണ്ടെന്ന് കേന്ദ്ര ഇന്റലിജൻസ് വിഭാഗം മുന്നറിയിപ്പ് നൽകിയിരുന്നുവോ ;

(ബി) എങ്കിൽ അതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) പ്രസ്തുത ദിവസം കിഴക്കേക്കോട്ട മുതൽ വി. ജെ. ടി ഹാൾ വരെ യൂണിഫോം ധരിച്ച എത്ര പോലീസുകാരും പോലീസ് ഓഫീസർമാരും, യൂണിഫോം ധരിക്കാതെയുള്ള എത്ര മഫ്ടി പോലീസുകാരും ഡ്യൂട്ടിയിലുണ്ടായിരുന്നു ;

(ഡി) ഇവർ ആരെങ്കിലും എന്തെങ്കിലും അക്രമ പ്രവർത്തനങ്ങൾ കിഴക്കേക്കോട്ടയ്ക്കും വി. ജെ. ടി ഹാളിനും മദ്ധ്യേയുള്ള സ്ഥലത്ത് നടക്കുന്നതായി കണ്ടതായി റിപ്പോർട്ടുണ്ടോ ;

(ഇ) എങ്കിൽ ആരാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തതെന്ന് പറയാമോ ;

(എഫ്) കിഴക്കേക്കോട്ടയ്ക്കും വി. ജെ. ടി ഹാളിനും മദ്ധ്യേ നടന്ന അക്രമ പ്രവർത്തനങ്ങൾമൂലം എന്ത് നാശനഷ്ടമുണ്ടായിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) നാശനഷ്ടങ്ങൾ തടയുവാൻ ഡ്യൂട്ടിക്ക് നിന്ന പോലീസുകാർ എന്തെല്ലാം നടപടികളെടുത്തു ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) നാശനഷ്ടങ്ങൾ വരുത്തിയ ആരെയെങ്കിലും അന്നുതന്നെ അറസ്റ്റു ചെയ്തിട്ടുണ്ടോ ; ഇവരിൽ ഭരണകക്ഷികളിൽപ്പെട്ട ആരെല്ലാം ഉണ്ടായിരുന്നു ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല.

(സി) യൂണിഫോമിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവരുടെ എണ്ണം താഴെപ്പറയുന്നു. ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം റേഞ്ച്.

പോലീസ് കമ്മീഷണർ, തിരുവനന്തപുരം സിറ്റി

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ	-	10
സർക്കിൾ ഇൻസ്പെക്ടർ	-	12
സബ് ഇൻസ്പെക്ടർ	-	25
എച്ച്.സി/പി.സി.	-	345

ഇതിനു പുറമേ 10 ഫ്ളൈയിംഗ് സ്കാഡുകളും ഓരോ സെക്ഷൻ എ. ആർ. പോലീസുകാർ വീതമുള്ള ആറ് സ്ട്രൈക്കറുകളും ഡ്യൂട്ടിയിലുണ്ടായിരുന്നു. മഫ്ടിയിൽ നിയോഗിച്ചിരുന്നവരുടെ എണ്ണം - 3

(ഡി & ഇ) അക്രമ പ്രവർത്തനം നടക്കുന്നതായി കൺട്രോൾ റൂമിൽ നിന്നും റിപ്പോർട്ട് ലഭിച്ചിരുന്നു.

(എഫ്) 48,53,555 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. സ്വകാര്യ മുതലുകളുടെ നഷ്ടം കണക്കാക്കിവരുന്നു.

(ജി) അക്രമ പ്രവർത്തിയിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾതന്നെ, ഉടൻ പരിഞ്ഞു പോകണം എന്ന് നിരവധി തവണ വിളിച്ചു പറഞ്ഞിട്ടും അക്രമികൾ പോലീസിനു നേരെയും മറ്റും കല്ലുകൾ, ആസിഡ് ബൾബുകൾ മുതലായവ വലിച്ചെറിഞ്ഞും, ദണ്ഡുകൾ കൊണ്ട് അടിച്ചും കൂടുതൽ സമരോൽസുകരായി തീർന്നപ്പോൾ സെക്രട്ടേറിയറ്റിനു മുൻപിൽ റ്റിയർ ഗ്യാസ് പ്രയോഗിച്ച് ഇവരെ പിരിച്ചുവിട്ടിട്ടുള്ളതാണ്.

(എച്ച്) 43 പേരെ അന്നുതന്നെ അറസ്റ്റു ചെയ്തു. ഭരണകക്ഷിയിൽപ്പെട്ട ആരുംതന്നെയില്ല. അറസ്റ്റുചെയ്യപ്പെട്ടവരിൽ മിക്കവരും ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly